എൽ.ആന്റ് ടി.-യിൽ നിന്നും വാങ്ങിയ വൈദ്യുത മീറ്ററുകൾ

9 (355) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിദ്രുത വൈദ്യുത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൽ ആന്റ് ടി.യിൽ നിന്നും വൈദ്യുത മീറ്ററുകൾ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര മീറ്ററുകൾ വാങ്ങി ;

(ബി) ഇത്തരം മീറ്ററുകൾ വാങ്ങിയ വകയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) ഈ മീറ്ററുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് മീറ്റർ പരിശോധനാ കേന്ദ്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടോ ; ഏങ്കിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുമൂലം ഗാർഹിക വൈദ്യുത ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു നടപടികളാൺള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടേൺ കീ വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP) പ്രകാരം കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ടേൺ കീ കോൺട്രാക്ടർമാരായ എൻ.സി.സി. ലിമിറ്റഡ് ഹൈദരാബാദും എൽ. & ടി ചെന്നൈയും, എൽ & ടി നിർമ്മിത ഇലക്ട്രോണിക് വൈദ്യുത മീറ്ററുകൾ വാങ്ങി പദ്ധതി പ്രദേശത്തെ കേടായ പഴക്കമുള്ള മീറ്ററുകൾ അവർ തന്നെ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഈ മീറ്ററുകൾക്ക് 5 വർഷം വരെ ഗ്യാരന്റി ഉണ്ട്. ഇതിൽ കോഴിക്കോട് പദ്ധതിയ്ക്കായി 56025 എണ്ണം സിംഗിൾ ഫേസ് മീറ്ററും 1579 എണ്ണം ത്രീ ഫേസ് മീറ്ററും ആണ് ഉപയോഗിച്ചത്. കൊച്ചി പദ്ധതിയ്ക്കായി 160000 സിംഗിൾ ഫേസ് മീറ്ററുകളും 13500 ത്രീ ഫേസ് മീറ്ററുകളും ഉപയോഗിക്കും.

(ബി) പ്രസ്തുത കമ്പനികൾ ടി മീറ്ററുകൾ വാങ്ങിയ വകയിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുവരെ ന്യൂനതകൾ കണ്ടുപിടിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly